"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- സാർവത്രിക പാലിയേറ്റീവ് പരിചരണം- സംസ്ഥാനതല ഉദ്ഘാടന പരിപാടിയിൽ എറണാകുളം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പങ്കെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുടെ വാഹന ചെലവ് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.1588/2025/LSGD തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:- 1. ബഹു. തദ്ദേശ സ്വയംഭരണം, ബഹു. ആരോഗ്യ വകുപ്പ് മന്ത്രിമാരുടെ സംയുക്താഭിമുഖ്യത്തിൽ 03.06.2025 ൽ നടന്ന യോഗത്തിലെ തീരുമാനം

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2025 ലെ LSGD/PD/40652/2024-PH5 നമ്പർ കത്ത്

**ഉത്തരവ്**

സാർവത്രിക പാലിയേറ്റീവ് പരിചരണ പരിപാടിയുടെ സംസ്ഥാനതല സമാരംഭം 28.06.2025 ശനിയാഴ്ച ഏറണാകുളത്ത് വെച്ച് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചു

2. കളമശ്ശേരിയിലെ രാജഗിരി പബ്ലിക് സ്കൂളിൽ വച്ച് നടക്കുന്ന സംസ്ഥാനതല ഉദ്ഘാടന പരിപാടിയിൽ എറണാകുളം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പങ്കെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുടെ വാഹന സൗകര്യത്തിനുള്ള ചെലവ് അതത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(2) പ്രകാരം ശിപാർശ സമർപ്പിച്ചു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാർവത്രിക പാലിയേറ്റീവ് പരിചരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടന പരിപാടിയിൽ എറണാകുളം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പങ്കെടുക്കുന്ന തദ്ദേശ സ്ഥാപന പ്രതിനിധികളുടെ വാഹന സൗകര്യത്തിനുള്ള ചെലവ് അതത് സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 25-06-2025 15:10:07

പകർപ്പ് :-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ ,നഗരകാര്യം
ഡയറക്ടർ,റൂറൽ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ വകുപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി